"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ (പി & എം), ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകളുടെ പൂർണ്ണ അധികച്ചുമതല - ശ്രീമതി രഞ്ജിത. ആർ, ജില്ലാ വനിതാ ക്ഷേമ ഓഫീസർക്ക് അധികച്ചുമതലാബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1353/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 03.07.2019.**

പരാമർശം: 1) 10.10.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 424/എസ്റ്റാ.എ1/2018/സിആർഡി നമ്പർ കത്ത്.

2) സ.ഉ.(സാധാ)2857/2018/തസ്വഭവ തീയതി 07.11.2018

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ വനിതാക്ഷേമ ഓഫീസർ ആയിരുന്ന ശ്രീമതി രഞ്ജിത.ആർ.-ന് 06.03.2017 മുതൽ 06.08.2017 വരെ തിരുവനന്തപുരം അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ (പി & എം), ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകളുടെ പൂർണ്ണ അധികച്ചുമതല നൽകിയ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടറുടെ നടപടിക്ക് പരാമർശം (2) ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിരുന്നു. മേൽ കാലയളവിലേക്ക് ശ്രീമതി രഞ്ജിത.ആർ.-ന് അധികച്ചുമതലാബത്ത അനുവദിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ വനിതാക്ഷേമ ഓഫീസർ ആയിരുന്ന ശ്രീമതി രഞ്ജിത. ആർ-ന് കെ.എസ്.ആർ.ഭാഗം I, ചട്ടം 53A II(c), 53(c) എന്നിവ പ്രകാരം അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ (പി&എം) തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിലും, ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിലും 06.03.2017 മുതൽ പരമാവധി 3 മാസ കാലയളവിലേക്ക് ചാർജ്ജ് അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയുടെ ചുമതല വഹിച്ചതിന്റെ ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിനുള്ള ചിലവ് ശുചിത്വ മിഷൻ വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീമതി രഞ്ജിത ആർ, ജില്ലാ വനിതാക്ഷേമ ഓഫീസർ, തിരുവനന്തപുരം

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ